പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1956 — 10.03.2020 -ൽ മറുപടിക്ക്.

**എഫ്.സി.ഐ. ഗോഡൗണുകളിലെ ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ ഗുണമേന്മയില്ലാത്ത ഭക്ഷ്യസാധനങ്ങളാണ് സ്റ്റോക്ക് ചെയ്തിരിക്കുന്നതെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) എഫ്.സി.ഐ.യിൽ നിന്ന് ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായും എഫ്.എസ്.എസ്.എ.ഐ നിലവാരത്തിലുമാണ് സ്റ്റോക്ക് സൂക്ഷിക്കുന്നതെന്നും സ്റ്റോക്ക് കേടാകാതിരിക്കുന്നതിനുള്ള നടപടികൾ സമയാസമയങ്ങളിൽ ചെയ്തു വരുന്നുണ്ടെന്നുമാണ് എഫ്.സി.ഐ.യിൽ നിന്ന് അറിയിച്ചിട്ടുള്ളത്. |
| (ബി) എഫ്.സി.ഐ. ഗോഡൗണുകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് ; ഇപ്രകാരം പരിശോധന നടത്തുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്ക വീഴ്ചപറ്റുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ ;<br>(സി) എഫ്.സി.ഐ. ഗോഡൗണുകളിൽ നിലവിലുള്ള സ്റ്റോക്കുകളുടെ ഗുണനിലവാരം അടിയന്തരമായി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) & (സി) എഫ്.സി.ഐ യുടെ കേന്ദ്ര ആഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ പരിശോധനകൾ നടക്കുന്നുണ്ടെന്ന് എഫ്.സി.ഐ യിൽ നിന്ന് അറിയിച്ചിട്ടുണ്ട്. എഫ്.സി.ഐ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായതിനാൽ വകുപ്പ തലത്തിൽ ടി സ്ഥാപനത്തിൽ പരിശോധന നടത്തുവാൻ കഴിയുന്നതല്ല. എങ്കിലും എഫ്.സി.ഐ യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുൻപായി താലൂക്ക് സപ്ലൈ ഓഫീസർ, സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, സപ്ലൈകോ അസിസ്റ്റന്റ് മാനേജർ, എഫ്.സി.ഐ ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധിച്ച് മാർക്ക് ചെയ്യുന്ന സ്റ്റോക്കുകളിൽ നിന്നാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നത്. |

**സെക്ഷൻ ഓഫീസർ**